കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുത്താളിപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് – 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/2180/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം സിവിൽ സ്റ്റേഷൻ,
കോഴിക്കോട് ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012
തീയ്യതി. 22.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂത്താളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൂത്താളി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേക്കും ഭാഗം 3ലെ ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/2180/2016 തീയതി-07.12.2016

## കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.09.2015മുതൽ 17.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കെ.സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.03.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.എം ബാലകൃഷ്ണൻ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിമ്മി.സി . | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.എൻ.രാജീവൻ. | സീ.ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഇ.പി.കാർത്യായനി | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീ.കെ.പി.അസ്സൻകുട്ടി | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ആനന്ദൻ.ടി.ടി | 01.04.2015മുതല്22.07.2015വരെ |
| | കെ.എം.രാധാകൃഷ്ണൻ | 22.07.2015 മുതൽ 24.07.2015 വരെ |
| | ജേക്കബ് ജോർജ് | 24.07.2015മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ലേഖ. | 01.04.2015 മുതൽ 31.03.2015വരെ |
| വെറ്ററിനറി സർജൻ | ഡോ.ജേക്കബ്.വർഗ്ഗീസ്. | 01.04.2015മുതൽ10.06.2015 വരെ |
| | ഡോ.സന്തോഷ്.പികെ | 11.06.2015മുതൽ31.03.2016 വരെ |
| മെഡി.ഓഫീസർ.(p.h.c.) | ഡോ.അരുൺ റാം. എം.വി | 01.04.2015 മുതൽ 02.11.2015 വരെ |
| | ഡോ. ചന്ദ്രലേഖ | 03.11.2015 മുതൽ 08.11.2015 വരെ |
| | ഡോ.അഭിലാഷ് ആർ.ജെ | 09.11.2015 മുതൽ 31.03.2016 വരെ |
| മെഡി.ഓഫീസർ.ഹോമിയോ | ഡോ.ബിന്ദു .എസ്. | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | ചിത്തിര.ബി.രവീന്ദ്രൻ | 01.04.2015 മുതൽ 20.02.2015 വരെ |
| | ലിജി.ടി.എൻ | 07.08.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീനിവാസൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | ടി.ടി.കുഞ്ഞമ്മദ് | 01.06.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | മോളി ടി.സി | 01.04.2015 മുതൽ 29.10.2015 വരെ |
| | ക്ലാര.വി.ജെ | 30.10.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | സജീഷ്.വി.കെ | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| | | |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-2 |
| 13 | വസ്തു നികുതി ഡിമാന്റും വരവും പൊരുത്തപ്പെടുന്നില്ല | 2-3 |
| 14 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | ലൈബ്രറി സെസ് അടച്ചില്ല | 2-5 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 16 | മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായി പ്രോജക്ടുകൾ തയ്യാറാക്കുന്നു | 3-1 |
| 17 | ചെമ്പ്രപാലം വടക്കേ എളോൽ റോഡ് കോൺക്രീറ്റിംഗിന് അധിക തുകചെലവഴിച്ചു | 3-2 |
| 18 | നടപ്പാത കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചു | 3-3 |
| 19 | തച്ചോളി എരവട്ടുംകണ്ടി റോഡ് പ്രവൃത്തി അപാകതകൾ | 3-4 |
| 20 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-5 |
| 21 | പാറാട്ടുപാറ എടത്തുംകണ്ടി റോഡ് കരിങ്കല്ല് പാകിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു | 3-6 |
| 22 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു | 3-7 |
| 23 | പേപ്പർ കട്ടിംഗ് മെഷീൻ തുരുമ്പെടുത്ത് നശിക്കുന്നു | 3-8 |
| 24 | യാത്രാബത്ത നൽകിയതിലെ അപാകതകൾ | 3-9 |
| 25 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല | 3-10 |
| 26 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 27 | കല്ലോട് ജിഎൽപി സ്കൂളിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നിർവ്വഹണത്തിലെ വീഴ്ചകൾ | 3-12 |
| 28 | എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല | 3-13 |
| 29 | തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി പൊതു അപാകതകൾ | 3-14 |
| 30 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ ഉൽപ്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിയില്ല | 3-15 |
| 31 | പാലിയേറ്റീവ് പരിചരണം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-16 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.06.2016 തിയതിയിലെ 32/2016 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 21.07.2016 | ഇല്ല | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.11.2016 | അനുബന്ധമായി ചേർത്തു |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14501236

വരവ് - 20899055

ആകെ - 35400291

ചെലവ് - 32739901

നീക്കിയിരിപ്പ്- 2660390

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം സംബന്ധിച്ച് സംസ്ഥാന ധനകാര്യ കമ്മീഷന് സമർപ്പിക്കേണ്ട പത്രികകളിലും അപാകത പരാമർശിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ലാത്തതിനാൽ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 41335595 | 95 | 23399083 | 6 | 48 | 63.75 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1588094 | 1312644 | 275450 | |
| നികുതിയേതര വരവുകൾ | 157250 | 143292 | 13958 | |
| മറ്റുവരവുകൾ | 145615 | 109164 | 36451 | |
| ആകെ | 1890959 | 1565100 | 325859 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 292560 | 328 |
| കർഷകതൊഴിലാളി പെൻഷൻ | 6074040 | 7678 |

| | | |
|---|---|---|
| വിധവാപെൻഷൻ | 4649720 | 4509 |
| വാർദ്ധക്യകാലപെൻഷൻ | 3321120 | 4011 |
| വികലാംഗപെൻഷൻ | 1865565 | 1749 |
| അവിവാഹിത പെൻഷൻ | 209280 | 200 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5841/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.09.2016 | 08/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.022010 മുതൽ 20.02.2010 വരെ | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ(എച്ച്.ക്യു)3/8എ-1541/659 dt.19.03.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കുറവ് ചെയ്ത നിർമ്മാണ തൊഴിലാളി ക്ഷേമനിധി,വാറ്റ്,ആദായ നികുതി എന്നിവയുടെ വരവ് അടവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയതിവരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസ്ഷീറ്റിൽ

ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 പഞ്ചായത്ത് പരസ്യനികുതി ഈടാക്കുന്നില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും,വകുപ്പ് 209 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ,കെട്ടിടത്തിലോ,ചുവരിലോ,പരസ്യപലകയിലോ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ, പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്.എന്നാൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല.കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.പരസ്യ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി -ഡിമാന്റും വരവും പൊരുത്തപ്പെടുന്നില്ല

2015-16 വർഷത്തിൽ കെട്ടിട ഉടമകൾ പഞ്ചായത്തിൽ വസ്തു നികുതി ഇനത്തിൽ അടച്ച തുകയല്ല ഡിമാന്റ് റജിസ്റ്ററിൽ അടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.ഇതിലുള്ള വ്യത്യാസത്തിനുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| നം | രശീതി ബുക്ക് | ലീഫ് നം | തീയതി | അടച്ച തുക | കെട്ടിട ഉടമ/കെട്ടിട നം | ഡിമാന്റ് റജിസ്റ്ററിൽ ചേർത്ത തുക |
|---|---|---|---|---|---|---|
| 1 | 23767 | 6 | 11.02.2016 | 520/- | പ്രകാശൻ,3/204 | 550/- |
| 2 | 23767 | 7 | 11.02.2016 | 2005/- | ലൂസി ജോഷി,3/193 | 1985/- |
| 3 | 23767 | 8 | 11.02.2016 | 462/- | ലൂസി ജോഷി,3/194 | 659/- |
| 4 | 23767 | 9 | 11.02.2016 | 116/- | ലൂസി ജോഷി,3/197 | 93/- |
| 5 | 23767 | 10 | 11.02.2016 | 182/- | നാണു,3/173 | 583/- |
| 6 | 23767 | 17 | 11.02.2016 | 149/- | സജീവൻ,3/113 | 202/- |
| 7 | 23767 | 21 | 12.02.2016 | 340/- | സുധാകരൻ,3/256 | 251/- |

ഒരു മാനുവൽ രശീതി ബുക്കിന്റെ 21 ലീഫുകൾ പരിശോധിച്ചതിൽ 7 എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു.2015-16 ലെ വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ യഥാർഥത്തിലുള്ള ഡിമാന്റോ,കളക്ഷനോ അല്ല കാണിച്ചിരിക്കുന്നത്.

14.01.2011 ലെ സർക്കാർ ഉത്തരവ് നം 19/2011/തസ്വഭവ പ്രകാരം വസ്തുനികുതി റിവിഷൻ നിലവിൽ വന്ന ശേഷം 27.04.2015 ൽ സ ഉ(എം എസ്)144/2015/തസ്വഭവ പ്രകാരവും അതിന് ശേഷം 16.12.2015 ൽ സ ഉ(എം എസ്)358/2015/തസ്വഭവ പ്രകാരവും സ്പഷ്ടീകരണം നൽകുകയുണ്ടായി.

രണ്ടാമത്തെ ഉത്തരവ് പ്രകാരം ആദ്യ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്കായി സഞ്ചയ സോഫ്റ്റ് വെയറിന്റെ ഡാറ്റാബേസിലുള്ള എൻട്രികൾ ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ അടിയന്തിരമായി വരുത്തേണ്ടതുള്ളതിനാൽ ഒരു എൻട്രിക്ക് 2 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽ നിന്ന് ചെലവിടാവുന്നതാണെന്നും,സഞ്ചയ സോഫ്റ്റ് വെയറിൽ ഇതിനനുസൃതമായ മാറ്റങ്ങൾ 10 ദിവസത്തിനുള്ളിൽ വരുത്തുന്നതിന് IKM എക്സിക്യൂട്ടിവ് ഡയറക്ടർ നടപടിയെടുക്കേണ്ടതാണെന്നും,ആയത് 2015 ഡിസംബർ 31 നകം പൂർത്തീകരിക്കേണ്ടതാണെന്നും അറിയിച്ചിരുന്നു.

വാർഷിക കണക്ക് പ്രകാരം 2015-16 ലെ ഡിമാന്റ് തുക 816074/- രൂപയും കളക്ഷൻ തുക 849262/- രൂപയുമാണ്.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.2014-15,2015-16 വർഷങ്ങളിൽ അധികമായി കളക്ട് ചെയ്ത തുക പഞ്ചായത്ത് ഡെപ്പോസിറ്റായി ഇട്ടതായിട്ടാണ് കാണുന്നത്.ആയതിന് വ്യക്തത വരുത്തേണ്ടതാണ്.

## 2-4 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ 2015-16 വർഷം വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും പ്രസ്തുത വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.എൻ പി കണാരൻ,കായണ്ണ

2.എൻ രാജൻ,കായണ്ണ

3.പി ഹരിദാസ്,പൂവരച്ചൽ

4.കെ പി രാജീവൻ

5.അബ്ദുറഹിമാൻ,കോട്ടൂർ

6.വി കെ അശോകൻ,ശ്രീതിലകം

ആയതിന് വിശദീകരണം ലഭിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കേണ്ടതും,വിശദീകരണം നൽകേണ്ടതുമാണ്.

## 2-5 ലൈബ്രറി സെസ്-അടക്കുന്നത് -സംബന്ധിച്ച്

2015-16 വർഷം പഞ്ചായത്തിൽ വസ്തു നികുതിയോടനുബന്ധിച്ചുള്ള ലൈബ്രറി സെസ് കളക്ഷൻ 56,783/- രൂപയാണ്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക 2 ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം 20.09.2005 ലെ 10088/എ3/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

2015-16 ലെ ലൈബ്രറി സെസ് കളക്ഷൻ ഇതുവരെ അടച്ചിട്ടില്ല.ആയതിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു

തൻവർഷം 81മരാമത്ത് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 47എണ്ണത്തിന് പണം ചെലവഴിച്ചതായും 34പ്രൊജക്ടുകൾഉപേക്ഷിച്ചതായും കാണുന്നു.

മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയുടെ 59.19% മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്.അതേ

സമയം ഭാഗികമായ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കിയതായും കാണുന്നു. ജി.ഒ.(എം.എസ്) 362/2013ത.സ്വ.ഭ.വ. തീ.16/11/2013 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്.വാർഡ് അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല.എന്നാൽ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഭാഗികമായ പ്രൊജക്ടുകൾ നടപ്പാക്കിയതായും വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെയിനേജുകളിലുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം , പ്രവൃത്തിയുടെ പേര് | കരാറുകാരൻ / കൺവീനർ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 114/15-16, കൊമ്പൻതറ കുണ്ടിലക്കണ്ടി റോഡ് | ജെന്നി.കെ.പൗലോസ് | 177503 | സോളിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി |
| 2 | 150/15-16, പാറാടിക്കുന്ന് കനാൽമുക്ക് റോഡ് | ഹരിദാസ് പി. | 236670 | ക്വറിമക്ക് ഫില്ലിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി |
| 3 | 152/15-16, പാറച്ചാൽ ഒറവുണ്ടൻചാൽ റോഡ് | എൻ. രാജീവൻ | 236915 | 69.10 മീറ്റർ മാത്രം നീളമുള്ള റോഡ് പ്രവൃത്തി |

റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ,പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

## 3-2 ചെമ്പ്രപാലം വടക്കേ എളോൽ റോഡ് കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചു

പ്രൊജക്ട് നം - 155/15-16

എസ്റ്റിമേറ്റ് - ₹ 348889

എഗ്രിമെന്റ് തിയ്യതി - 24/02/2016

സാങ്കേതികാനുമതി ലഭിച്ച തിയ്യതി - 19/09/15

കൺവീനർ - കെ.അബ്ദുറഹിമാൻ

അവസാനബിൽ തുക - ₹ 347193 (ബിൽ നം.45/15-16തീ.31/03/16)

അളവ് പുസ്തകം - 269/15-16

ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടത്തിയ മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഫയൽ,അളവുപുസ്തകം തുടങ്ങിയവ പരിശോധിച്ചതിൽ 90 മീറ്റർ റോഡ് 1:4:8 അനുപാതത്തിൽ 10 സെ.മീ. കനത്തിലും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 10 സെ .മീ. കനത്തിലും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ കോൺക്രീറ്റ് റോഡുകളുടെ കനം സംബന്ധിച്ച് 18/09/2015ന് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ , കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ച കത്തിൽ 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിന്റെ കനം പരമാവധി 7.5 സെ.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.അനുവദനീയമായ അളവ് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| നീളം (മീറ്റർ) | വീതി (മീറ്റർ) | അനുവദനീയമായ കനം (മീറ്റർ) | പ്രവൃത്തി ചെയ്ത അളവ് (ഘന മീ.) |
|---|---|---|---|
| 12 | (2.9+2.6)/2 | .075 | 2.475 |
| 15 | (2.6+2.5)/2 | .075 | 2.8687 |
| 14 | (2.5+2.4)/2 | .075 | 2.5725 |
| 10 | (2.4+2.6)/2 | .075 | 1.875 |
| 6 | (2.6+3.1+2.8)/3 | .075 | 1.2749 |
| 15 | (2.8+2.6)/2 | .075 | 3.0375 |
| 15 | (2.6+2.5)/2 | .075 | 2.8687 |
| 4 | 2.5 | .075 | .75 |
| ആകെ = 17.7223 | | | |

കൺവീനർക്ക് നൽകിയ തുക - 23.64 ഘന.മീ.*7953.46/ഘന.മീ= ₹ 188020

അനുവദനീയമായ തുക - 17.7223ഘന.മീ.*7953.46ഘന.മീ =₹ 140954

അധികം നൽകിയത് - ₹ 47066

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ ₹ 47066 ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 നടപ്പാത കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടത്തിയ നടപ്പാത കോൺക്രീറ്റ് പ്രവൃത്തികളുടെ ഫയൽ,അളവുപുസ്തകം തുടങ്ങിയവ പരിശോധിച്ചതിൽ 1:4:8 അനുപാതത്തിൽ 10 സെ.മീ. കനത്തിലും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 7.5 സെ .മീ. കനത്തിലും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ കോൺക്രീറ്റ് നടപ്പാതകളുടെ കനം സംബന്ധിച്ച് 18/09/2015ന് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ , കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇതു സംബന്ധിച്ച് നൽകിയ സ്പഷ്ടീകരണത്തിൽ 20എം.എം. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള നടപ്പാത കോൺക്രീറ്റിന്റെ കനം പരമാവധി 5 സെ.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.അനുവദനീയമായ അളവ് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

(എ) കുഞ്ഞോത്ത് നടപ്പാത കോൺക്രീറ്റ്

പ്രൊജക്ട് നം - 111/15-16

എസ്റ്റിമേറ്റ് - ₹ 70000

എഗ്രിമെന്റ് തിയ്യതി - 20/11/15

സാങ്കേതികാനുമതി ലഭിച്ച തിയ്യതി - 16/06/15

കൺവീനർ - പ്രഭാവതി

അവസാനബിൽ തുക - ₹ 70000 (ബിൽ നം.34/15-16തീ.23/03/16)

അളവ് പുസ്തകം - 267/15-16

| നീളം (മീറ്റർ) | വീതി (മീറ്റർ) | അനുവദനീയമായ കനം (മീറ്റർ) | പ്രവൃത്തി ചെയ്ത അളവ് (ഘന മീ.) |
|---|---|---|---|
| 10 | (1.35+1)/2 | .05 | .5875 |
| 10 | 1 | .05 | .5 |
| 10 | (1+1.5+1)/3 | .05 | .525 |
| 10 | (1+1.05+1)/3 | .05 | .5083 |
| 10 | (1+1.15)/2 | .05 | .5375 |
| 10 | 1.15 | .05 | .575 |
| 4 | (1.15+1.35)/2 | .05 | .25 |
| ആകെ=3.4833 | | | |

കൺവീനർക്ക് നൽകിയ തുക - 5.17ഘന.മീ.*6247.27/ഘന.മീ = ₹ 32298

അനുവദനീയമായ തുക -3.4833ഘന.മീ.*6247.27/ഘന.മീ =₹ 21761

അധികം നൽകിയത് -₹ 10537

(ബി) ചായികുളം ചെറുവോട്ടുമ്മൽ മീത്തൽ നടപ്പാത

പ്രൊജക്ട് നം - 73/15-16

എസ്റ്റിമേറ്റ് - ₹ 55000

എഗ്രിമെന്റ് തിയ്യതി - 20/11/15

സാങ്കേതികാനുമതി ലഭിച്ച തിയ്യതി - 10/02/16

കൺവീനർ - സി.കെ.മൊയ്തീൻ

അവസാനബിൽ തുക - ₹ 55000 (ബിൽ നം.47/15-16തീ.31/03/16)

അളവ് പുസ്തകം - 270/15-16

| നീളം (മീറ്റർ) | വീതി (മീറ്റർ) | അനുവദനീയമായ കനം (മീറ്റർ) | പ്രവൃത്തി ചെയ്ത അളവ് (ഘന മീ.) |
|---|---|---|---|
| 10 | (1.9+1.75)/2 | .05 | .9125 |
| 10 | (1.75+2)/2 | .05 | .9375 |
| 10 | (2+2.25)/2 | .05 | 1.0625 |
| 1.2 | (2.25+2.15) | .05 | .132 |
| ആകെ=3.0445 | | | |

കൺവീനർക്ക് നൽകിയ തുക - 4.57ഘന.മീ.*6247.27/ഘന.മീ = ₹ 28550

അനുവദനീയമായ തുക -3.0445ഘന.മീ.*6247.27/ഘന.മീ =₹ 19020

അധികം നൽകിയത് -₹ 9530

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തികൾക്ക് അധികം

നൽകിയ 20067 രൂപ ( 10537+9530)ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി മെയിന്റനൻസ് ഫണ്ടിലടക്കേണ്ടതാണ്.

## 3-4 തച്ചോളി എരവട്ടുംകണ്ടി റോഡ് പ്രവൃത്തി - അപാകതകൾ

പ്രൊജക്ട് നം. : 65/15-16

എസ്റ്റിമേറ്റ് : 300000

പ്രവൃത്തി മൂല്യം : 300000

എഗ്രിമെന്റ് തിയ്യതി : 28/01/16

കൺവീനർ : കെ.ടി.കെ. ഇസ്മയിൽ

അവസാന ബിൽതുക : 300000(ബിൽ നം.15-16തീ.31/03/16,മെ.ഗ്രാ.)

എം.ബുക്ക് : 332/15-16

മേൽ റോഡ് 127 മീറ്റർ നീളം സോളിംഗ്,മെറ്റലിംഗ്,ടാറിംഗ് പ്രവൃത്തികൾ ചെയ്യതിന് 300000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതക കാണുന്നു.

എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ മേൽ റോഡ് മുൻവർഷം ചെയിനേജ് 0/00 മുതൽ 0/61 വരെ 61മീറ്റർ സോളിംഗ് ചെയ്യിട്ടുള്ളതാണ്.എന്നാൽ നാട്ടുകാർ സോളിംഗ് ചെയ്ത പ്രതലം മണ്ണിട്ടുയർത്തിയതിനാൽ വാർഡ് മെമ്പറുടെ അപേക്ഷ പരിഗണിച്ച് 61 മീറ്റർ ഭാഗം വീണ്ടും സോളിംഗ് നടത്തി 127 മീറ്റർ ടാറിംഗ് (379.45 ചതു.മീ)നടത്തിയിട്ടുണ്ട്.വിശദമായ പരിശോധന നടത്താതെയും ശരിയായ ആവശ്യങ്ങൾ പരിഗണിക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കുക വഴി മുൻവർഷം 61മീറ്റർ സോളിംഗ് നടത്തിയതിന് ചെലവഴിച്ച തുക നഷ്ടപ്പെട്ടിരിക്കയാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഭരണസമിതിയുടെ നിർദ്ദേശ പ്രകാരമാണ് പ്രൊജക്ട് റിവൈസ് ചെയ്യത് എന്നറിയിച്ചിട്ടുണ്ട്. 300000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കൺവീനർ ഏറ്റെടുത്ത് നടത്തിയ പദ്ധതിയ്ക്ക് ഒരു ഘനമീറ്ററിന് 6916.05 രൂപയാണ് അനുവദിച്ചത് .ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നെങ്കിൽ താഴെ കാണിച്ച വിധം ഘനമീറ്ററിന് ₹6499.30 നിരക്കാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്.

| | | | |
|---|---|---|---|
| 20 മി.മീ. മെറ്റൽ | 0.670 | 1175 | 787.25 |
| 10 മി.മീ.മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |

| | | | |
|---|---|---|---|
| കടത്ത് | 0.445 | 106.49 | 47.39 |
| സിമന്റ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 3029.00 |
| ലേബർ | | | |
| മേസൺ | 0.1 | 419 | 41.70 |
| ബെൻഡർ | 1.63 | 329 | 536.27 |
| ബിസ്തി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റ് ചെലവുകൾ | 14.30 | 1.78 | 25.45 |
| ആകെ | | | 4706.23 |
| ആകെ | | | 4706.23 |

കൺവീനർക്ക് നൽകാവുന്ന നിരക്ക് : 4706.23*1.381= 6499.30/ഘന.മീ.

കൺവീനർമാർക്ക് അധികം തുക നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം | പ്രൊജക്ട് നം, പ്രവൃത്തിയുടെ പേര് എസ്റ്റിമേറ്റ് | കൺവീനർ, എഗ്രിമെന്റ് തിയ്യതി, എം.ബുക്ക്, അവസാന ബിൽതുക | 20എം.എം. മെറ്റലുപയോഗിച്ച്1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന് നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 160/16, തണ്ടോറപ്പാറകോളനി നടപ്പാത, ₹150000 | പ്രകാശൻ .കെ , 24/02/16, 329/15-16, ₹150000, ബിൽ നം.48/15-16 തീ.31/03/16 | 136730(19.77ഘന.മീറ്റർ *6916.05/ഘനമീ.) | 128491 (19.77 ഘനമീ *6499.30/ഘനമീ.) | 8239 |
| 2 | 100/15-16, ചാത്തൻകോട് പൂവ്വാറ നടപ്പാത | വിഷ്ണു പി, 12/01/16, 327/15-16, ₹100000, ബിൽ നം.40/15-16 തീ.31-03-16 | 47237(6.83ഘനമീറ്റർ *6916.05/ഘനമീ.) | 44390(6.83ഘനമീ *6499.30/ഘനമീ.) | 2847 |
| ആകെ = | | | | | 11086 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അധികം നൽകിയ 11086 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 പാറാട്ടുപാറ എടത്തുംകണ്ടി റോഡ് - കരിങ്കല്ല് പാകിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു

പ്രൊജക്ട് നം. : 97/15-16

എസ്റ്റിമേറ്റ് : 380000

കൺവീനർ : ഇ.എം. ചെക്കോട്ടി

എഗ്രിമെന്റ് തിയ്യതി :20/11/15

അളവ് പുസ്തകം :255/15-16

അവസാന ബിൽ തുക :330000 (ബിൽ നം.32/15-16 തീ.23/03/16)

മേൽ പ്രവൃത്തിയുടെ ഇനം 2 പ്രകാരം 114.7 മീറ്റർ നീളത്തിൽ 37.54 ഘന.മീ.കോൺക്രീറ്റ് , 20 എം.എം. മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ ചെയ്തതിന് 234523 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ മുൻ വർഷം കരിങ്കല്ല് പാകിയ പ്രതലത്തിന് മുകളിലാണ് മേൽപ്പറഞ്ഞ കോൺക്രീറ്റ് പ്രവൃത്തി നടത്തിയിട്ടുള്ളത്.ഇത്തരത്തിൽ റോഡ് പ്രവൃത്തികൾ ചെയ്യുന്നത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണ്. ഭാരവാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിന് മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപ്പോകുന്നതിനും ഇത് ഇടയാക്കുന്നു.(തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 16/10/2012 ന് ഡി.ബി. 4-7462/2012/ സി.ഇ. തസ്വഭവ നമ്പരിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട് ) ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. 234523 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നം,<br>പ്രവൃത്തിയുടെ പേര്,<br>എസ്റ്റിമേറ്റ്,<br>കരാറുകാരൻ/കൺവീനർ | ചെയ്ത പ്രവൃത്തികൾ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 65/15-16,<br>തച്ചോളി എരവട്ടുംകണ്ടി റോഡ്,<br>300000,<br>കെ.ടി.കെ. ഇസ്മയിൽ | 127 മീറ്റർ റോഡ് സോളിംഗ്,മെറ്റലിംഗ്,ടാറിംഗ് | 300000 |
| 2 | 114/15-16,<br>കൊമ്പൻതറ കുണ്ടിലക്കണ്ടി റോഡ് ,<br>200000, | 55.37 ഘന.മീ.സോളിംഗ് പ്രവൃത്തി | 177503 |

| | | | |
|---|---|---|---|
| | ജെന്നി കെ.പൗലോസ് | | |

റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.എന്നാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഭരണസമിതി ഇങ്ങനെ തീരുമാനമെടുത്തിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-8 പേപ്പർകട്ടിംഗ് മെഷീൻ തുരുമ്പെടുത്ത് നശിക്കുന്നു

വികലാംഗർക്കുള്ള തൊഴിൽ പരിശീലനത്തിനായി വാങ്ങിയ (വാങ്ങിയ വർഷം വ്യക്തമല്ല) പേപ്പർ കട്ടിംഗ് മെഷീൻ വിളയാട്ടുകണ്ടി തുടർവിദ്യാ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളത് മഴക്കാലത്ത് വെള്ളം കയറി നശിക്കുന്നതായി തുടർവിദ്യാകേന്ദ്രം പ്രേരക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ , മെഷീൻ അഴിച്ചുമാറ്റി പഞ്ചായത്ത് ഓഫീസിന് സമീപമുള്ള ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ വരാന്തയിലേക്ക് എത്തിച്ചതിന് വണ്ടിക്കൂലി, കയറ്റിറക്ക് ചാർജ് ഉൾപ്പെടെ തനതുഫണ്ടിൽ നിന്ന് 2150 രൂപ ചെലവഴിച്ചിട്ടുണ്ട്.(വൗച്ചർ നം.21500785/11-03-16) 23/11/16 ന് ഗ്രാമ പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ മെഷീൻ അഴിച്ച നിലയിൽ ഹോമിയോ ആശുപത്രി വരാന്തയിൽ കൂട്ടിയിട്ടതായി കണ്ടു. മെഷീൻ തുരുമ്പെടുത്ത് നശിച്ചു തുടങ്ങിയിട്ടുണ്ട്. തൊഴിൽ പരിശീലനം നിർത്തൽ ചെയ്തതും മെഷീൻ നശിക്കാനിടയാക്കിയ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## 3-9 യാത്രാബത്ത നൽകിയതിലെ അപാകതകൾ

തൻവർഷം നൽകിയ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ സെക്രട്ടറിയും ജീവനക്കാരും യാത്രാബത്ത കൈപ്പറ്റിയതായി കാണുന്നുണ്ട്. എന്നാൽ യാത്രാഡയറി സമർപ്പിച്ചതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21500860 /30-03-16 | ₹ 7771 | 8/15മുതൽ 01/16 വരെയുള്ള സെക്രട്ടറിയുടെ യാത്രാബത്ത |
| 21500861 /30-03-16 | ₹ 13694 | 08/15മുതൽ 01/16 വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതാണ് .ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.യാത്രാ ഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-10 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല

വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കുന്നതിന് തനത്ഫണ്ടിൽ നിന്ന് പ്രതിമാസം 13563രൂപ നിരക്കിൽ തൻവർഷം 162756 രൂപ ചെലവഴിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ ബില്ല് പരിശോധിച്ചതിൽ 31ടാപ്പുകൾക്കുള്ള വെള്ളക്കരമാണ് ഒടുക്കുന്നത്.എന്നാൽ സ.ഉ. (കൈ) 2242/2011 ത.സ്വ.ഭ.വ. തീ. 28.9.2011 ലെ ഖണ്ഡിക 2 ൽ അനുശാസിക്കും പ്രകാരം നിശ്ചിത ഫാറത്തിൽ വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-11 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ; പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം രണ്ട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ രണ്ട് പ്രോജക്ടിലും വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ സ്ഥാപിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 38/16

അടങ്കൽ 100000/-

ഫണ്ട് വികസനം

ചെലവ് 99036/-

ബിൽ നം,തിയ്യതി 14/16 15.09.2015

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 75 ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് എന്നാൽ വാങ്ങിയത് 63 സി.എഫ്.എൽ ലൈറ്റുകളാണ് ക്വട്ടേഷൻ മുഖേനയാണ് ലൈറ്റുകൾ വാങ്ങിയത് .വാങ്ങിയതിൽ 47 എണ്ണം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.ബാക്കി വരുന്ന 16 എണ്ണം സ്ഥാപിച്ചതിന് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

2) കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

പ്രോജക്ട് നം 40/16

അടങ്കൽ 60000/-

ഫണ്ട് വികസനം.(എസ്.സി.പി)

ചെലവ് 59736/-

ബിൽ നം,തിയ്യതി 33/16 21.03.2016

ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിൽ 38 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥപിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്.

എന്നാൽ ഇതിൽ 5 എണ്ണം സ്ഥാപിച്ചതായി മാത്രമാണ് മെമ്പറുടെ സാക്ഷ്യപത്രം ഉള്ളത് ബാക്കി ബൾബുകൾ സ്ഥാപിച്ചതിന് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ബൾബുകൾ സ്ഥാപിച്ചത് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.പദ്ധതി നിർവ്വഹണത്തിലെ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/23.11.16) യ്ക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 158772/-തടസ്സപ്പെടുത്തുന്നു.

## 3-12 കല്ലോട് ജി.എൽ.പി സ്കൂളിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ; പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ

നിർവ്വഹണം ഹെഡ് മാസ്റ്റർ

പ്രോജക്ട് നം 47/16

അടങ്കൽ 100000/- (എം.ജി.നോൺ റോഡ്)

ചെലവ് 100000/-

ബിൽനം, തി. 3/16 17.03.2016

കല്ലോട് ജി.എൽ.പി സ്കൂളിന് കമ്പ്യൂട്ടർ,ടേബ്ൾ,പ്രോജക്ടർ,യു.പി.എസ്, എന്നിവ വാങ്ങുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ഇൻഫോസൈറ്റ് സിസ്റ്റംസ് കോഴിക്കോട്,മെഗാടെക് കോഴിക്കോട്,ടെക് നോ കമ്പ്യൂട്ടേഴ്സ് കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ഇതിനുള്ള ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ളത്.

സാധനങ്ങൾ വാങ്ങിയത് ഇൻഫോസൈറ്റ് സിസ്റ്റംസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ്.എന്നാൽ ക്വട്ടേഷൻ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പ്രോജക്ടിൽ ഈ സാധനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഈ നിർദ്ദേശം പാലിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയത്. സ.ഉ (പി) 259/2010 തസ്വഭവ.08.11.2010 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിംഗ് നടപടികൾ സ്വീകരിക്കണം.എന്നാൽടെണ്ടറിംഗ് നടപടികൾ സ്വീകരിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 100000/-തടസ്സപ്പെടുത്തുന്നു.

## 3-13 എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച

നിർവ്വഹണം ഹെഡ് മാസ്റ്റർ

പ്രോജക്ട് നം 45/16

അടങ്കൽ 700000/-

ഫണ്ട് വികസനം (ജനറൽ)

ബിൽ നം,തി. 1/15-16 16.12.2015

എസ്.എസ്.എ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി എസ്.എസ്.എ പ്രോജക്ട് ഓഫീസർക്ക് 700000/- രൂപ കൈമാറിയിട്ടുണ്ട് (ഡി.ഡി.നം 580977 തി.16.12.15) പ്രോജക്ട് ഓഫീസറുടെ 10.09.2015ലെ കത്ത് നം സി.591/2015 പ്രകാരം എസ്.എസ്.എ പദ്ധതിക്കായി 2201000/-രൂപ വകയിരുത്തിയതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി മേൽപ്പറഞ്ഞ തുക കൈമാറിയത്. എന്നാൽ ഇത് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് പരിശോധിക്കുകയോ വിലയിരുത്തുകയോ ഉണ്ടായിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി-പൊതു അപാകതകൾ

2015-16 വർഷം വെറ്റിനറി സർജൻ നിർവഹണം ചെയ്ത തൊഴുത്ത് നിർമ്മാണം പ്രൊജക്ട് പ്രകാരം ജനറൽ വിഭാഗത്തിൽ (പ്രൊജക്ട് നം.31/16) 30 പേർക്കും പട്ടികജാതി വിഭാഗത്തിൽ ( പ്രൊജക്ട് നം.35/16) 6 പേർക്കും സബ്സിഡി ഇനത്തിൽ 10,000/- രൂപ വീതം നൽകിയിട്ടുണ്ട്.ഈ പ്രൊജക്ടുകളുടെ നിർവഹണത്തിലെ പൊതു അപാകതകൾ താഴെ പറയുന്നു.

1. സഉ(എം.എസ്)നം 362/2013/തസ്വഭവ തീയതി.16.11.2013 , പദ്ധതി രൂപീകരണം മാർഗ നിർദ്ദേശം ഖണ്ഡിക 2 പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്രവികസനം ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യമെന്നും വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നതിനാൽ സ്ഥാപനത്തെ മൊത്തമായി കണ്ട് വേണം പദ്ധതി രൂപീകരിക്കാൻ എന്നും പരാമർശിക്കുന്നുണ്ട്.എന്നാൽ തൊഴുത്ത് നിർമ്മാണത്തിന് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ഉള്ളതാണ്.ഇത് ശരിയായ നടപടിക്രമമല്ല.

2.പട്ടികജാതി ഗുണഭോക്താക്കളുടെ തൊഴുത്ത് നിർമ്മാണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ 17 പേരുണ്ട്.ഇതിൽ 6 പേർക്കാണ് തൊഴുത്തിനുള്ള സബ്‌സിഡി അനുവദിച്ചിട്ടുള്ളത്.കുറഞ്ഞ മാർക്കുള്ളവർക്ക് സബ്‌സിഡി അനുവദിക്കുമ്പോൾ കൂടുതൽ മാർക്കുള്ളവരുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

3.സബ്‌സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുമ്പോൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യണം.അപ്രകാരം ചെയ്യാത്തതിനാൽ ധനസഹായം അനുവദിക്കാത്തവർക്കാണോ ആനുകൂല്യം അനുവദിച്ചത് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 വെറ്റിനറി സർജൻ നിർവഹണം ചെയ്ത പ്രൊജക്ടുകൾ-ഉത്പാദന മേഖലക്ക് പ്രാധാന്യം നൽകിയില്ല

2015-16 വർഷം വെറ്റിനറി സർജൻ നിർവഹണം ചെയ്ത 5 പ്രൊജക്ടുകളിൽ 3 എണ്ണം തൊഴുത്ത് നിർമ്മാണത്തിനും ഒന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ്.ശേഷിച്ച പ്രൊജക്ട്(നം 33/16)മുട്ടക്കോഴി വിതരണം പ്രകാരം 346 ഗുണഭോക്താക്കൾക്ക് 5 കോഴികളെ വീതം വിതരണം ചെയ്തിട്ടുണ്ട്.ചെലവ് 1,22,034/- രൂപ.

സ ഉ (എം എസ്)362/2013/തസ്വഭവ തീയതി 16.11.2013 ,പദ്ധതി രൂപീകരണം മാർഗ്ഗ നിർദ്ദേശം ഖണ്ഡിക 3(1)പ്രകാരം ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ചക്കായിരിക്കണം ഏറ്റവും മുൻഗണന നൽകേണ്ടത്.ഭക്ഷ്യ വിളകൾ,പാൽ,മുട്ട,മാംസം,മത്സ്യം എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിലും ഉത്പന്നങ്ങളുടെ സംസ്കരണം എന്നീ സംവിധാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണം.എന്നാൽ ഇത്തരത്തിലുള്ള പ്രൊജക്ടുകൾ വിഭാവനം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.ആയതിന് വിശദീകരണം ആവശ്യപ്പെടുന്നു.

## 3-16 പാലിയേറ്റിവ് പരിചരണം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി എച്ച് സി)നിർവഹണം ചെയ്ത പ്രൊജക്ട് നം.11/16, പെയിൻ ആന്റ് പാലിയേറ്റിവ് ഇനത്തിൽ 2,50,000/-രൂപ ചെലവായിട്ടുണ്ട്.പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ(സാധാ).നം.3217/2015/തസ്വഭവ തീയതി.29.10.2015 പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.ഈ ഉത്തരവിൽ ഖണ്ഡിക (8)പ്രകാരം നിഷ്കർഷിക്കുന്ന ഭൂരിഭാഗം രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല.ഗൃഹസന്ദർശന വിവരങ്ങൾ ഇപ്പോൾ ഒരു നോട്ട് ബുക്കിൽ എഴുതി വെക്കുന്നതായാണ് കാണുന്നത്.ആയതിന് അനുബന്ധം മൂന്നിലെ ഫോറം ഉപയോഗിക്കേണ്ടതാണ്.

2. പാലിയേറ്റിവ് വാഹനത്തിന്റെ ലോഗ് ബുക്കിൽ 7.04.2015, 24.04.2015, 27.04.2015, 11.05.2015, 22.05.2015,

16.09.2015 തീയതികളിൽ പാലിയേറ്റിവ് കെയർ വിസിറ്റ് കാണിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ദിനങ്ങളിലെ ഹോം കെയർ റജിസ്റ്ററിൽ രോഗികളെ സന്ദർശിച്ചതിന്റെ രേഖകൾ ഇല്ല.എന്നാൽ ചെലവുകൾ വഹിച്ചിട്ടുണ്ട്

3. മേൽ ഉത്തരവ് ഖണ്ഡിക 2.6.3(3)പ്രകാരം ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക് )60 രൂപ വീതമാണ് ചെലവഴിക്കാൻ നിർദ്ദേശമുള്ളത്.എന്നാൽ ഫുഡ് എക്സ്പെൻസസ് ഈ തുകയിലും അധികരിക്കുന്നുണ്ട്.ഉദാഹരണത്തിന് ബിൽ നം. 7/15-16 ,തീയതി :14.01.2016പ്രകാരം മാറിയ 17,800/-രൂപയിൽ ഫുഡ് എക്സ്പെൻസസ് ഇനത്തിൽ2.12 2015,11.12.2015,21.12.2015 എന്നീ ദിവസങ്ങളിൽ 240/-രൂപയാണ് ചെലവിട്ടത്.

4. മേൽ ഉത്തരവ് ഖണ്ഡിക 2.6.5.(2)പ്രകാരം പാലിയേറ്റിവ് കെയറിന്റെ വാഹനം തദ്ദേശസ്വയംഭരണ സ്ഥാപനം സ്റ്റോക്കിലെടുക്കേണ്ടതാണ്.നിശ്ചിത സമയങ്ങളിൽ ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തേണ്ടതും,ഇന്ധനം നിറക്കുമ്പോൾ ഫുൾ ടാങ്ക് നിറക്കേണ്ടതുമാണ്.അപ്രകാരം ചെയ്തിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | 407/2010 05.02.2010 | ----- | 3827400 | 1747909 | --- | 303634 |

### 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## **4-6.** ഓഡിറ്റ് റിക്കവറി

ഇല്ല

## **4-7.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-3 | 2005-06 | 70.2.3 | ക്യാഷ് ബുക്ക് പൂർണ്ണമല്ല | ലഭ്യമല്ല |
| 2002-03 | 3-1 | 2005-06 | 70.1.1.2 | പാവടിക്കുന്നമ്മൽ താഴെ നടപ്പാത നിർമ്മാണം | ലഭ്യമല്ല |
| 2002-03 | 3-9 | 2005-06 | 70.3..1 | വനിതാ തൊഴിൽ പരിശീലനം | ലഭ്യമല്ല |
| 2002-03 | രേഖപ്പെടുത്തിയില്ല | 2005-06 | 70.9.1 | തൊഴിൽ രഹിത വേതനം അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം | ലഭ്യമല്ല |
| 2001-02 | 3-3 | 2005-06 | 70.9.3 | തൊഴിൽ രഹിത വേതനം അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം | ലഭ്യമല്ല |
| 2001-02 | 2-1 C,D | 2005-06 | 70.11.6 | വരവ് രജിസ്റ്റർ,പെറ്റി ക്യാഷ് ബുക്ക് പൂർണ്ണമല്ല | ലഭ്യമല്ല |
| 2002-03 | 2 | 2005-06 | 70.14.2 | നികുതി പിരിക്കുന്നതിലെ അലംഭാവം-കുടിശ്ശിക വർധിക്കുന്നു | ലഭ്യമല്ല |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 20899055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32739901 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 78219 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 871514 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 47066 | ലിജി.ടി.എൻ(എ.ഇ) എ.എംമാധവൻ(എ.ഇ.ഇ) |
| 3-3 | | 20067 | ചിത്തിര ബി രവീന്ദ്രൻ(എ.ഇ) എ.എംമാധവൻ(എ.ഇ.ഇ) |
| 3-5 | | 11086 | ലിജി.ടി.എൻ(എ.ഇ) എ.എംമാധവൻ(എ.ഇ.ഇ) |
| ആകെ - 78219 | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 300000 | ചിത്തിര ബി രവീന്ദ്രൻ(എ.ഇ) |
| 3-6 | 234523 | ചിത്തിര ബി രവീന്ദ്രൻ(എ.ഇ) |
| 3-11 | 158772 | ജേക്കബ്ബ് ജോർജ് (സെക്രട്ടറി) |
| 3-12 | 100000 | ശ്രീനിവാസൻ (എച്ച്.എം) |
| ആകെ | 793295 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിജി.ടി.എൻ (എ.ഇ) | ലഭ്യമല്ല | തറയിൽ (വീട്)<br>വാവക്കാട്,<br>മൂത്തകുന്നം (പി.ഒ)<br>നോർത്ത് പറവൂർ 683516 |
| ചിത്തിര ബി രവീന്ദ്രൻ (എ.ഇ) | ലഭ്യമല്ല | പുനത്തിപ്പടി .വീട്<br>എടക്കാട് (പി.ഒ)<br>കോഴിക്കോട് 673005 |
| എ.എംമാധവൻ (എ.ഇ.ഇ) | എ.ഇ.ഇ.<br>എൽ.എസ്.ജി.ഡി.<br>സബ്.ഡിവിഷൻ<br>പേരാമ്പ്ര | സൗപർണിക<br>നടുവണ്ണൂർ<br>കോഴിക്കോട് 673614 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി4-133/11 dt.3.3.2011 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി4-189/11 dt.3.3.2011 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4-1807/2014(1)2.5.2015 | 2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി4-946/11(2) dt.26.07.2011 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4-1807/2014(2) dt.2.5.2015 | 3 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി4-210/11 dt.20.01.2012 | 5 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015 (1) dt.02.05.2015 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015(2) dt.02.05.2015 | 10 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി4105/2015(2) dt.02.05.2015 | 4 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015 dt.02.05.2015 | 7 |
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015(5) dt.02.05.2015 | 12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4-1658/2015 dt.07.11.2015 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**5**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/2180/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P4 /2180/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 07.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of Koothali Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and

the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koothali Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

DEPUTY DIRECTOR

Kerala State Audit Department,
District Audit Office, Kozhikode.